LIBRARY ARCHIVES Kerala Legislative Assembly

പ്രാദേശികതല നിരീക്ഷക സമിതികൾ

151(1217) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർതട നിയമ പ്രകാരം കോഴിക്കോട് താലൂക്കിൽ എവിടെയെല്ലാം പ്രാദേശികതല നിരീക്ഷക സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രാദേശികതല നിരീക്ഷണ സമിതികളാണ് ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഓരോ പ്രാദേശികതല കമ്മിറ്റിയും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) താലൂക്ക് അടിസ്ഥാനത്തിലല്ല ഗ്രാമപഞ്ചായത്ത് തലത്തിലാണ് പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുള്ളത്. കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 7 പ്രകാരം നിയമലംഘനം സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യേണ്ടത്. പ്രാദേശികതല സമിതിയല്ല.

ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

152(1218) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ റവന്യൂ വകുപ്പ് മുഖേന ചടയമംഗലം നിയോജകമണ്ഡലത്തിൽ എത്ര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എത്ര പേർക്കായിട്ടാണ് ഈ തുക വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.